ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് ഭക്ഷ്യസാധനങ്ങൾക്കും മറ്റ് അവശ്യ സാധനങ്ങൾക്കും അമിത വില ഈടാക്കുന്നത് തടയുന്നതിനായി വില വിവര പട്ടിക പ്രദർശിപ്പിക്കുന്നതിന് കാണത്തക്ക വിധം പ്രദർശിപ്പിക്കുന്നതിന് നിർബന്ധമാക്കിയിട്ടുണ്ട്. ഇത് ഉറപ്പ് വരുത്തുന്നതിനായി പൊതു വിതരണ വകുപ്പ് ഉദ്യോഗസ്ഥർ മാത്രമായും ആരോഗ്യം, റവന്യൂ, ലീഗൽ മെട്രോളജി, നികുതി വകുപ്പുകളുമായി ചേർന്നും നിരന്തരം പരിശോധനകൾ നടത്തുകയും നിയമ ലംഘനം നടത്തുന്നവർക്കെതിരെ 1977-ലെ കേരള ഫുഡ് സ്റ്റഫ്സ് (ഡിസ്പ്ലേ ഓഫ് പ്രൈസസ് ഫൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ്) ഓർഡർ, 1977-ലെയും 1980-ലെയും കേരള എസൻഷ്യൽ കമ്മോഡിറ്റീസ് (മെയിന്റനൻസ് ഓഫ് അക്കൗണ്ട്സ് ആന്റ് ഡിസ്പ്ലേ ഓഫ് പ്രൈസസ് ആന്റ് സ്റ്റോക്ക്) ഓർഡർ എന്നിവ പ്രകാരവും നടപടി സ്വീകരിച്ചു വരുന്നു.

(ബി) ജില്ലാ സപ്ലൈ ഓഫീസർമാർ നടത്തിയ പരിശോധനയിൽ 6514 എണ്ണം വ്യാപാര സ്ഥാപനങ്ങൾ വില വിവര പട്ടിക പ്രദർശിപ്പിക്കാതെ പ്രവർത്തിപ്പിക്കുന്നതാണ്. നിലവിൽ സംസ്ഥാനത്ത് എത്ര വ്യാപാര സ്ഥാപനങ്ങൾ പ്രവൃത്തിക്കുന്നുണ്ട് എന്ന വിവരം ലഭ്യമല്ല. വില വിവര പട്ടിക പ്രദർശിപ്പിക്കാതെ പ്രവർത്തിപ്പിക്കുന്ന എല്ലാ വ്യാപാര സ്ഥാപനങ്ങൾക്കും 1977-ലെ കേരള ഫുഡ് സ്റ്റഫ്സ് (ഡിസ്പ്ലേ ഓഫ് പ്രൈസസ് ഫൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ്) ഓർഡർ, 1977-ലെയും 1980-ലെയും കേരള എസൻഷ്യൽ കമ്മോഡിറ്റീസ് (മെയിന്റനൻസ് ഓഫ് അക്കൗണ്ട്സ് ആന്റ് ഡിസ്പ്ലേ ഓഫ് പ്രൈസസ് ആന്റ് സ്റ്റോക്ക്) ഓർഡർ നിയമ പ്രകാരം പിഴ ചുമത്താറുണ്ട്. വില വിവര പട്ടിക പ്രദർശിപ്പിക്കാതെ പ്രവർത്തിപ്പിക്കുന്ന 6514 എണ്ണം വ്യാപാര സ്ഥാപനങ്ങൾക്കെതിരെ പിഴ ചുമത്തിയിട്ടുണ്ട്.

(സി) ഒരേ സാധനത്തിന് ഗുണമേന്മയിലുള്ള വ്യത്യാസം പ്രകാരം വ്യത്യസ്ത നിരക്കിൽ വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) അളവിലും ഇക്കാര്യത്തിലും വ്യത്യാസം ഉണ്ടാകുന്നത് നിയന്ത്രിക്കുന്നതിന് സംവിധാനം നിലവിലുണ്ട്.

സിവിൽ സപ്ലൈസിന്റെ വില്പന കേന്ദ്രങ്ങൾ

254 (1338) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പ്രവർത്തനരഹിതമായി പ്രവർത്തിക്കുന്ന സിവിൽ സപ്ലൈസിന്റെ എത്ര ചില്ലറ വില്പന കേന്ദ്രങ്ങൾ കണ്ടെത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉത്തരത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളവയിൽ എത്രയെണ്ണത്തിന്റെ പ്രവർത്തനം നിർത്തിയിട്ടുണ്ട്;

(സി) ചില്ല വില്പന കേന്ദ്രങ്ങളുടെ വില്പന വരുമാനം ഗണ്യമായി കുറയാനിടയായിട്ടുള്ള സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) അവശ്യസാധന കമ്മോളത്തിൽ സിവിൽ സപ്ലൈസിന്റെ വിഹിതം എത്രയായിരുന്നുവെന്നും കഴിഞ്ഞ ഒരു വർഷമായി അതിൽ എത്ര കുറവുണ്ടായി എന്നും കണക്കാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) സപ്ലൈകോ പ്രവർത്തനം ആരംഭിച്ചത് പൊതുവിപണിയിൽ സജീവമായി ഇടപെട്ട് അവശ്യ ഭക്ഷ്യ വസ്തുക്കൾ ന്യായവിലയ്ക്ക് ആവശ്യത്തിന് പൊതുജനങ്ങൾക്ക് എത്തിക്കുന്നതിനും അതുവഴി പൊതു വിപണിയിലെ അവശ്യ സാധനങ്ങളുടെ വില വർദ്ധനവ് നിയന്ത്രിച്ച് പൊതുജനങ്ങൾക്ക് ആശ്വാസമേകണം എന്ന ഉദ്ദേശത്തോടെയാണ്. വിപണിയിടപെടൽ പദ്ധതിയുടെ ഭാഗമായി സപ്ലൈകോ 13 ഇനം അവശ്യ ഭക്ഷ്യ വസ്തുക്കൾ പൊതുവിപണി വിലയേക്കാൾ 20% മുതൽ 60% വിലകുറച്ച് സപ്ലൈകോ വിൽപ്പന ശാലകളിലൂടെ വിതരണം ചെയ്തുവരുന്നു. മാത്രവുമല്ല സപ്ലൈകോയുടെ ഉദ്ഘാടനം മാവേലി സ്റ്റോറുകളും പ്രവർത്തിക്കുന്നത് കേരളത്തിന്റെ വിദൂരമായ പ്രദേശങ്ങളിലാണ്. സപ്ലൈകോയുടെ ചില്ലറ വിൽപ്പന ശാലകളായ മാവേലി സ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ, പീപ്പിൾസ് ബസാറുകൾ, ഹൈപ്പർ മാർക്കറ്റുകൾ എന്നിവയിൽ ഒന്നും തന്നെ ലാഭകരമല്ല എന്ന കാരണത്താൽ നിർത്തലാക്കിയിട്ടില്ല. 2015 ഒക്ടോബർ മാസത്തെ കണക്ക് പ്രകാരം ലാഭകരമല്ലാത്ത 31 മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 8 മെഡിക്കൽ സ്റ്റോറുകൾ ലാഭകരമല്ലാത്തതിനാൽ പ്രവർത്തനം നിർത്തിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

LIBRARY, ARCHIVES Kerala Legislative Assembly

1	വടകര	2011 ജൂൺ
2	ഉപ്പാറ	2011 ജൂലൈ
3	ഗാന്ധിനഗർ	2012 ജനുവരി
4	പുനലൂർ	2012 മാർച്ച്
5	പെരിന്തൽമണ്ണ	2013 ഫെബ്രുവരി
6	കുറ്റിച്ചങ്ങാട്	2013 മേയ്
7	നെടുമങ്ങാട്	2013 ഒക്ടോബർ
8	അണക്കര	2014 ഡിസംബർ

കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 18 പുതിയ മെഡിക്കൽ മാവേലി സ്റ്റോറുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) ചില്ലറ വില്പന കേന്ദ്രങ്ങളുടെ വിറ്റു വരുമാനം ഗണ്യമായി കുറഞ്ഞിട്ടില്ല.

(ഡി) സപ്ലൈകോയുടെ വിപണി വിഹിതം കണക്കാക്കിയിട്ടില്ല.

സപ്ലൈകോ മെഡിക്കൽ സ്റ്റോർ

255 (1339) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ മെഡിക്കൽ സ്റ്റോർ അനുവദിക്കുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ ഉണ്ടോ; എങ്കിൽ വിശദമാക്കാമോ ;

(ബി) നാട്ടിക നിയോജക മണ്ഡലത്തിൽ പുതിയതായി ഒരു സപ്ലൈകോ മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

ഉത്തരം

(എ) പൊതുജനങ്ങളുടെ ആവശ്യം, വിപണന സാദ്ധ്യത, ന്യായമായ വാടകയ്ക്ക് ആവശ്യത്തിനുള്ള വലിപ്പ സൗകര്യം എന്നിവയുടെ അടിസ്ഥാനത്തിൽ സപ്ലൈകോ മെഡിക്കൽ സ്റ്റോർ ആരംഭിക്കാവുന്നതാണ്.

(ബി) പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

സപ്ലൈകോ ഔട്ട്ലെറ്റുകൾ

256 (1340) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2005-ലും 2015-ലും സപ്ലൈകോ ഔട്ടലെറ്റുകൾ എത്രയായിരുന്നു?

LIBRARY ARCHIVES Kerala Legislative Assembly